ദേശാഭിമാനി

**23 December 2016**

# കടമക്കുടിയുടെ കൂട്ടിൽ വിളഞ്ഞത് കാളാഞ്ചിയും കരിമീനും

**കൊച്ചി** > കടലിൽ മീൻ കുറയുന്ന സാഹചര്യത്തിൽ കൂടുമത്സ്യക്കൃഷിയിലൂടെ മാതൃകയാകുകയാണ് കടമക്കുടി പഞ്ചായത്തിലെ പിഴല ദ്വീപ്. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നേതൃത്വത്തിൽ ഏഴുമാസം മുമ്പ് പിഴല ദ്വീപിൽ ആരംഭിച്ച കൂടുമത്സ്യക്കൃഷി വിളവെടുത്തപ്പോൾ കർഷകർ കൊയ്തത് മികച്ച നേട്ടം.

കടമക്കുടി പഞ്ചായത്തിൽ കൂടുകൃഷി സംരംഭങ്ങളിൽ സ്ത്രീകളടക്കം നൂറോളം കർഷകർ പങ്കാളികളായി. നാലുമീറ്റർവീതം നീളവും വീതിയും ആറുമീറ്റർ ആഴവുമുള്ള കൂടുകളിൽ കൃഷി ചെയ്ത കരിമീൻ, കാളാഞ്ചി, തിലാപ്പിയ മത്സ്യങ്ങളാണ് വിളവെടുത്തത്. കാളാഞ്ചിക്ക് ശരാശരി മൂന്നരക്കിലോ തൂക്കവും കരിമീനിന് 250 ഗ്രാം തൂക്കവും ലഭിച്ചു. കൂടുകളിൽ ഒരുകിലോ കരിമീൻ ഉൽപ്പാദനത്തിന്റെ ശരാശരി ചെലവ് 100 രൂപയാണ്. എന്നാൽ, ജൈവകൃഷിയായതിനാൽ ഒരുകിലോ കരിമീനിന് 500 മുതൽ 600 രൂപവരെ വിപണിയിൽ ലഭിക്കും. സിഎംഎഫ്ആർഐ മാരികൾചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫാണ് കടമക്കുടി പഞ്ചായത്തിലെ കൂടുമത്സ്യക്കൃഷി സംരംഭങ്ങൾക്ക് നേതൃത്വം നൽകിയത്.



► സിഎംഎഫ്ആർഐയുടെ കൂടുമത്സ്യക്കൃഷി വിളവെടുപ്പ് എസ് ശർമ എംഎൽഎ ഉദ്ഘാടനംചെയ്യുന്നു

കൂടുമത്സ്യക്കൃഷി വിളവെടുപ്പ് എസ് ശർമ എംഎൽഎ ഉദ്ഘാടനംചെയ്തു. മത്സ്യക്കൃഷിയിലൂടെ കടമക്കുടി പഞ്ചായത്തിൽ ദാരിദ്ര്യനിർമാർജനം സാധ്യമാക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. പുതുതായി സ്ഥാപിച്ച കൂടിൽ കാളാഞ്ചി കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഉദ്ഘാടനവും എംഎൽഎ നിർവഹിച്ചു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷനായി. സിഎംഎഫ്ആർഐയുടെ ഗവേഷണഫലങ്ങൾ സാധാരണജനങ്ങൾക്ക് പ്രയോജനപ്പെടുന്നുവെന്നതിന്റെ തെളിവാണ് കടമക്കുടിയിലെ മത്സ്യക്കൃഷി വിപ്ലവമെന്ന് അദ്ദേഹം പറഞ്ഞു. ഡോ. ഇമൽഡ ജോസഫ്, കടമക്കുടി പഞ്ചായത്ത് പ്രസിഡണ്ട് ശാലിനി ബാബു, ബ്ലോക്ക് പഞ്ചായത്ത് അംഗം സീന ഫ്രാൻസിസ്, വാർഡ് അംഗം പ്രകാശൻ, ഫിഷറീസ് കോ-ഓർഡിനേറ്റർ മണികണ്ഠൻ, മത്സ്യകർഷക അജിത എന്നിവർ സംസാരിച്ചു.